# പതിനാലാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1558 — 03.12.2018 - ൽ മറുപടിക്ക്

## കശുവണ്ടി തൊഴിലാളികൾക്ക് ഇ.എസ്.ഐ. സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എ.പി.അനിൽ കുമാർ** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)** |
| (എ) | കശുവണ്ടി തൊഴിലാളികൾക്ക് ഇ.എസ്.ഐ. സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ അടക്കം ലഭിക്കാൻ മുമ്പുണ്ടായിരുന്ന ഉദാരവ്യവസ്ഥ കേന്ദ്രസർക്കാർ പിൻവലിച്ചത് മൂലം കശുവണ്ടി തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | രണ്ട് വർഷം 156 ഹാജർ, തുടർച്ചയായി നാല് വിഹിതം മുടക്കമില്ലാതെ അടയ്ക്കൽ എന്നീ നിബന്ധനകൾ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ലഭിക്കുവാൻ പാലിക്കണമെന്നിരിക്കെ കശുവണ്ടി മേഖലയിൽ തൊഴിൽ ലഭ്യമാകാത്ത | (ബി) | ഉണ്ടായിട്ടുണ്ട്. |

| | | | |
|---|---|---|---|
| | നിലവിലുള്ള അവസ്ഥയിൽ പ്രസ്തുത കള്ളുവണ്ടി തൊഴിലാളികൾക്ക് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ നിഷേധിക്കപ്പെടുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; | | |
| (സി) | എങ്കിൽ അതിന് പരിഹാരം കാണുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; | (സി) യും (ഡി) യും | ഇ.എസ്.ഐ ഗുണഭോക്താക്കൾക്ക് സൂപ്പർസ്പെഷ്യാലിറ്റി ചികിത്സാ സൗകര്യങ്ങൾ ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ 07.11.2016 ലെ V-14/11/5/2012-Med.I (Policy) നമ്പർ കത്ത് പ്രകാരം ഇ.എസ്.ഐ കോർപ്പറേഷൻ ഡയറക്ടർ ജനറൽ പുതുക്കി നിശ്ചയിക്കുകയുണ്ടായി. പുതുക്കിയ വ്യവസ്ഥകൾ ഇ.എസ്.ഐ ഗുണഭോക്താക്കളെ ദോഷകരമായി ബാധിക്കുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടപ്പോൾ ടി വ്യവസ്ഥകൾ റദ്ദാക്കണമെന്ന് ബഹു.കേന്ദ്ര തൊഴിൽ വകുപ്പ് മന്ത്രിയോട് ബഹു.തൊഴിലും എക്സൈസും വകുപ്പ് മന്ത്രി ആവശ്യപ്പെടുകയുണ്ടായി. കൂടാതെ തീരുമാനം പുനഃപരിശോധിക്കണമെന്ന് ഇ.എസ്.ഐ കോർപ്പറേഷൻ ഡയറക്ടർ ജനറലിനോട് തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും അഭ്യർത്ഥിച്ചിരുന്നു. ഇതിന്റെ ഫലമായി ഇ.എസ്.ഐ കോർപ്പറേഷൻ 29.10.2018 ലെ V-14/11/5/2018-Med.I (SST) നമ്പർ ഓഫീസ് മെമ്മോറാണ്ടം പ്രകാരം സൂപ്പർസ്പെഷ്യാലിറ്റി ചികിത്സയ്ക്കുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ട്. ആയത് പ്രകാരം ഇൻഷ്വർ ചെയ്ത തൊഴിലാളി അംശാദായ കാലയളവിൽ 78 ദിവസത്തെ വരിസംഖ്യ അടയ്ക്കുകയും രജിസ്റ്റർ ചെയ്ത് 6 മാസം പൂർത്തിയാവുകയും ചെയ്താൽ ബന്ധപ്പെട്ട ആനുകൂല്യ കാലയളവിൽ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സക്ക് അർഹത |
| (ഡി) | നേരത്തെ ഉണ്ടായിരുന്ന ഉദാരവ്യവസ്ഥകൾ പുന:സ്ഥാപിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേലുള്ള പ്രതികരണം എന്താണ് എന്നറിയിക്കാമോ? | | |

| | | | |
|---|---|---|---|
| | | | ഉണ്ടായിരിക്കും. കൂടാതെ രണ്ട് അംശാദായ കാലയളവിൽ 156 ദിവസത്തെ വരിസംഖ്യ (78 ദിവസം വീതം ഓരോ കാലയളവിലും) അടയ്ക്കുകയും രജിസ്റ്റർ ചെയ്ത് ഒരു വർഷം പൂർത്തിയാവുകയും ചെയ്താൽ ബന്ധപ്പെട്ട ആനുകൂല്യ കാലയളവിൽ ഇൻഷ്വർ ചെയ്ത വ്യക്തിയുടെ കുടുംബാംഗങ്ങൾക്കും സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്ക് അർഹത ഉണ്ടായിരിക്കും എന്നിവയാണ് പുതിയ വ്യവസ്ഥകൾ. |

**സെക്ഷൻ ഓഫീസർ**